# കേരള വനം വന്യജീവി വകുപ്പ്
# കണ്ണൂർ വനം ഡിവിഷൻ
## പുനർ ഇ – ലേല പരസ്യം

നമ്പർ KFDDO/69434/2024-DFOKNR/KN തീയതി 11.02.2025

കണ്ണൂർ ഫോറസ്റ്റ് ഡിവിഷനിൽ കണ്ണവം റെയ്ഞ്ച് നെടുംപൊയിൽ സെക്ഷൻ 1961 തേക്ക് പ്ളാന്റേഷൻ ബിറ്റ് I (47.3 ഹെക്ടർ), തോട്ടത്തിന്റെ 10.5 ഹെക്ടർ മൃദുമരങ്ങൾ മുറിച്ച് ശേഖരിക്കുന്നതിനുള്ള അവകാശം 25.02.2025 തീയതിയിൽ എം.എസ്.ടി.സി മുഖേന പുനർ ഇ-ലേലം ചെയ്ത് വില്ക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ അന്നേ ദിവസം ലേലം നടക്കാതെ വന്നാൽ 14.03.2025 തീയതിയിലും അന്നും നടക്കാതെ വന് 28.03.2025 തീയതിയിലും നടക്കുന്നതായിരിക്കും. എം.എസ്.ടി.സി-യിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. കൂടാതെ **0497-2704808** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതുമാണ്.

### ടെണ്ടർ പട്ടിക

| മരങ്ങൾ നിൽക്കുന്ന സ്ഥലം | ഇനം | മരങ്ങളുടെ എണ്ണം | തടിയുടെ അളവ് - ഉദ്ദേശം (ക്യൂ മീറ്ററിൽ) | വിറകിന്റെ അളവ് - ഉദ്ദേശം (ക്യൂ മീറ്ററിൽ) | തടിയുടെ മതിപ്പ് വില | വിറകിന്റെ മതിപ്പ് വില | നിരത ദ്രവ്യം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1961 തേക്ക് പ്ളാന്റേഷൻ ബിറ്റ് I (47.3 ഹെക്ടർ), 10.5ഹെക്ടർ തോട്ടം നെടുംപൊയിൽ സെക്ഷൻ - കണ്ണവം ഫോറസ്റ്റ് റെയ്ഞ്ച് | പലജാതി മൃദുമരങ്ങൾ | 1378 എണ്ണം | 822 | 420 | 8241185 | 616797 | 20000 |

| | |
|---|---|
| ഇ ലേല പരസ്യം വെബ് സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും | 17.02.2025 5.00 pm |
| ഇ-ലേലം കൊള്ളുന്നതിനുള്ള തീയതിയും സമയവും. | 25.02.2025 |
| 25.02.2025 തീയതി ലേലം നടന്നില്ലെങ്കിൽ പകരം ലേലം നടക്കുന്ന തീയതിയും സമയവും. | 14.03.2025 |
| 14.03.2025 തീയതി ലേലം നടന്നില്ലെങ്കിൽ പകരം ലേലം നടക്കുന്ന തീയതിയും സമയവും. | 28.03.2025 |
| കരാർ കാലാവധി | ലേല സ്ഥിരീകരണം അറിയിക്കുന്ന തീയതി മുതൽ 60 ദിവസം വരെ. |

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 11.12.2012 ലെ പ്രൊ-26274/2012-ം നമ്പറായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ ലേല വ്യവസ്ഥകൾക്കും നില്പ്പുമരങ്ങളുടെ വില്പ്പന

സംബന്ധിച്ച് നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും കൂടെ, താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ലേലം. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ, ലേലദിവസത്തിന്റെ തൊട്ടു തലേ ദിവസം (24.02.2025.-ന് വൈകിട്ട് 5.00 മണിക്ക് മുമ്പായി നിരതദ്രവ്യം ഒടുക്കിയിരിക്കണം. ഈ തുക, ഓൺലൈൻ മുഖേനയോ ഡി. ഡി മുഖേനയോ കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ അടയ്ക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ, നിരതദ്രവ്യം അടക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടക്കുന്ന ലേലക്കാരന് മാത്രമേ ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ, ലേലത്തിന് മുമ്പായി തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. തോട്ടം സംബന്ധമായ യാതൊരു പരാതികളും ലേലത്തിന് ശേഷം പരിഗണിക്കുന്നതല്ല.

വിജയിക്കുന്ന ലേലക്കാരൻ, ലേല സ്ഥിരീകരണം സംബന്ധിച്ച ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം, ലേലത്തുകയുടെ ചുരുങ്ങിയത് 35% തുക ഒടുക്കേണ്ടതാണ്. ഈ തുക, കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം വഴി ഒടുക്കവുന്നതാണ്. ടി തുക, ഒടുക്കുന്നതിന് വീഴ്ചവരുത്തിയാൽ ടിയാൻ ഒടുക്കിയ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർ ലേലം ചെയ്യുന്നതുമായിരിക്കും.

ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത തോട്ടത്തിൽ എന്യൂമറേറ്റ് ചെയ്ത് നിർത്തിയിരിക്കുന്ന മരങ്ങൾക്ക് മാത്രം അവകാശമുള്ളതും മറ്റ് മരങ്ങൾക്ക് അവകാശമില്ലാത്തതുമായിരിക്കും.

വിജയിയായ ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ചരക്ക് സേവന നികുതി, വനവികസന നികുതി, ആദായ നികുതി എന്നിവയും ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവുണ്ടാകുന്ന തീയതിമുതൽ 15 ദിവസത്തിനകം ബാക്കി തുകയുടെ മൂന്നിലൊന്നും മൊത്തം തുകയുടെ 5% വന വികസന നികുതിയും നിലവിലുള്ള നിരക്കിൽ ചരക്ക് സേവന നികുതി, ആദായ നികുതി എന്നിവകളും

ഒടുക്കി മൊത്തം ലേലത്തുകയുടെ 10% സെക്യൂരിറ്റി ഡപോസിറ്റും വെച്ച് 200 രൂപയുടെ മുദ്രപത്രത്തിൽ ഉടമ്പടി വെക്കേണ്ടതുമാണ്.

15 ദിവസത്തിനകം ടി തുകകൾ ഒടുക്കാതിരുന്നാൽ ,12% പലിശയോടുകൂടി തുക ഒടുക്കുന്നതിന് 15 ദിവസത്തെ സമയവും 24% പലിശയോടുകൂടി 15 ദിവസത്തെ സമയവും യുക്തം പോലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂരിന് അനുവദിക്കാവുന്നതാണ്. ഈ കാലവധിക്കുള്ളിലും തുക ഒടുക്കാതെ വന്നാൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിൾ കണ്ണൂരിന്റെ യുക്തം പോലെ 24% പലിശ നിരക്കിൽ 15 ദിവസത്തേക്കും ഈ കാലാവധിയിലും തുക ഒടുക്കാതെ വന്നാൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (എഫ്. എൽ & ആർ) തിരുവനന്തപുരത്തിന്റെ യുക്തം പോലെ ലേലത്തുകയുടെ 48% പലിശ നിരക്കിൽ 15 ദിവസത്തേക്കും സമയം അനുവദിക്കാവുന്നതാണ്. എന്നാൽ മുകളിൽ പറഞ്ഞ സമയ പരിധികളെല്ലാം കരാർ കാലാവധിക്കുള്ളിലായിരിക്കുകയും ചെയ്യും.

ബാക്കിയുള്ള മൂന്നിൽ രണ്ട് ലേലത്തുക, രണ്ട് തുല്ല്യ ഗഡുക്കളായി ഒടുക്കേണ്ടതാണ്. ആദ്യ ഗഡു കരാർ തീയതി മുതൽ 15 ദിവസത്തിനകവും രണ്ടാം ഗഡു, കരാർ തീയതി മുതൽ ഒരു മാസത്തിനകമോ കരാർ കാലാവധിക്കകമോ ഏതാണോ ആദ്യം, അതിനുള്ളിലും ഒടുക്കേണ്ടതാണ്. ടി കാലാവധിക്കുള്ളിൽ പണമൊടുക്കാൻ കഴിയാതെ വന്നാൽ 12% പലിശ നിരക്കിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 15 ദിവസത്തേക്കും 24% പലിശനിരക്കിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, നോർത്തേൺ സർക്കിൾ കണ്ണൂരിന് യുക്തം പോലെ 30 ദിവസത്തേക്കും 48% പലിശ നിരക്കിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (എഫ്. എൽ & ആർ) തിരുവനന്തപുരത്തിന്റെ യുക്തം പോലെയും കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്. എന്നാൽ നീട്ടിക്കൊടുക്കുന്ന കാലാവധികളെല്ലാം തന്നെ, കരാർ കാലാവധിക്കുള്ളിലായിരിക്കുകയും ചെയ്യും.

കരാർ കാലാവധി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 60 ദിവസങ്ങൾ ആയിരിക്കും.

ടി കാലാവധിക്കുള്ളിൽ മുറിച്ച് നീക്കം ചെയ്യാതെ കിടക്കുന്ന മരരങ്ങൾ, കണ്ടുകെട്ടി സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കരാറുകാരന് ആയതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. കരാറുകാരൻ ചെയ്ത് തീർക്കാനുള്ള ജോലികൾ, വകുപ്പ് നേരിട്ട് ചെയ്യിക്കുന്നതും ആയതിൽ ഉണ്ടാകുന്ന മുഴുവൻ ചെലവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

മുറിച്ച് മാറ്റിയ മരങ്ങൾ സ്ഥലത്തുനിന്നും നീക്കം ചെയ്യുന്നതിനുള്ള ലൈസൻസ് നല്കുന്നത്, ലേലത്തുകയും നികുതികളും പൂർണ്ണമായി ഒടുക്കിയതിന് ശേഷം മാത്രമായിരിക്കും. മുറിച്ച മരങ്ങൾ, സ്ഥലത്തുനിന്നും നീക്കം ചെയ്യുന്നതിന് വനം വകുപ്പിൽ നിന്നും കരാറുകരൻ പാസ്സ് ലഭ്യമാക്കേണ്ടതാണ്. ലേലക്കാരൻ മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതുവരെ എല്ലാസമയവും ലേലസ്ഥലത്ത് ഉണ്ടായിരിക്കേണ്ടതാണ്. യാതൊരു കാരണവശാലും സ്ഥാവര ജംഗമ വസ്തുക്കൾക്കോ പരിസത്തിനോ മറ്റ് മരങ്ങൾക്കോ നാശ നഷ്ടം വരുത്താൻ പാടില്ല. അങ്ങനെ ഉണ്ടാകുന്ന പക്ഷം, നഷ്ടത്തിന് കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്.

മരങ്ങൽ നിൽക്കുന്ന സ്ഥലത്തിന്റെ 0.40 കിലോമീറ്റർ ചുറ്റളവിൽ സംഭവിക്കുന്ന എല്ലാ കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽ പെട്ടാൽ, വിവരം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടുന്നതാണ്.

കരാറുകാരന്റെ സെക്യൂരിറ്റിതുക, കരാർ കാലാവധിക്ക് ശേഷം തിരികെ നല്കുന്നതായിരിക്കും. എന്നാൽ സർക്കാരിലേക്ക് ബാദ്ധ്യതകൾ വല്ലതുമുണ്ടാകുന്ന പക്ഷം, സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനിടയിൽ സർക്കാരിനോ സ്വകാര്യ വ്യക്തികൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, കരാറുകാരന്റെ ജോലിക്കാർ, പൊതുജനങ്ങൾ എന്നിവർക്ക് സംഭവിക്കുന്ന അപകടം, മരണം എന്നിവയ്ക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കും.

നികുതി നിരക്കുകളിലും മറ്റ് സർക്കാർ ഫീസുകളിലും കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന വർദ്ധനവിന് അനുസരിച്ച് തുക ഒടുക്കുകവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

ഇ-ലേലം സംബന്ധിച്ച് എം.എസ്.ടി.സി പുറപ്പെടുവിച്ചിട്ടുള്ള പൊതുനിയമങ്ങളും നടപടി ക്രമങ്ങളും ടി ലേലത്തിനും ബാധകമായിരിക്കും

ഇ-ഓക്ഷൻ നിബന്ധനകളിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്. എൽ & ആർ) തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമായിരിക്കും.

മറ്റൊരു അറിയിപ്പും കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ. കണ്ണൂരിൽ നിക്ഷിപ്തമായിക്കും.

ഇ-ഓക്ഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസങ്ങളിലോ ടെലിഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ - dfo-knr.for@kerala.gov.in

ടെലിഫോൺ നമ്പർ - ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്. കണ്ണൂർ - 0497 2704808

ടെലിഫോൺ നമ്പർ - റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്. കണ്ണവം - 0490 2300971

14/2/25

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്ക്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ
കാര്യാലയം കണ്ണൂർ
വേണ്ടി)